അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

249 (7548) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സ്റ്റാറ്റ്യൂട്ടറി ആക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഐ.സി.ഡി.എസ്. പദ്ധതിയിൽ പ്രവർത്തിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുക എന്നതാണ് ക്ഷേമനിധിയുടെ ഉദ്ദേശം:

1. സേവനം അവസാനിപ്പിച്ച് പിരിഞ്ഞ് പോകുമ്പോൾ ധനസഹായം നൽകുക
2. വൈദ്യസഹായം
3. ഭവനനിർമ്മാണ വായ്പ
4. വിവാഹ ആവശ്യത്തിനുള്ള വായ്പ
5. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ
6. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനം
7. അപകട സംരക്ഷണം
8. പെൻഷൻ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘടനകളോ മറ്റ് സർക്കാർ വകുപ്പുകളോ നിലവിൽ ഇതുമായി സഹകരിച്ചു പ്രവർത്തിക്കുന്നില്ല. കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത് വർക്കർമാരും ഹെൽപ്പർമാരുമാണ്.

(ഡി) കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബിൽ 2014 കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മംഗല്യ ലോട്ടറി

250 (7549) ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മംഗല്യ ലോട്ടറി നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ലോട്ടറി നടത്തിപ്പുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ ലോട്ടറി നടത്തിപ്പ് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ സഹായത്തിന് എത്രമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ലോട്ടറി നടത്തിപ്പിനും ധനസഹായവിതരണത്തിനും ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മംഗല്യ ലോട്ടറി നടത്തിവരുന്നില്ല. എന്നാൽ പാവപ്പെട്ട പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിയായ മംഗല്യ നിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനായി ആവശ്യമെങ്കിൽ നിലവിലുള്ള ഒരു ലോട്ടറിയെ മംഗല്യ ലോട്ടറി എന്ന പേരിൽ പുനർനാമകരണം ചെയ്ത് അതിൽ നിന്നുള്ള അറ്റാദായംകൂടി മാറ്റിവയ്ക്കുന്നകാര്യം നികുതിവകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം

251 (7550) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly